**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2335** **07-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കോവിഡ് കാല പർച്ചേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ എം വിൻസെൻറ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ കോവിഡ് കാല പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം സർക്കാരിന്റെ അംഗീകാരം ആവശ്യമായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കോവിഡ് കാലത്ത് നടത്തിയ പർച്ചേസുകൾക്ക് G.O(Rt)No.09/2020/SPD dated 04.04.2020, G.O(Rt)No.12/2020/SPD dated 12.06.2020 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി ഇളവുകളോട് കൂടിയാണ് കോർപ്പറേഷൻ കോവിഡ് കാലത്ത് മരുന്നുകളും മറ്റു സാമഗ്രികളും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. |
| (ബി) | കോവിഡ് കാലത്ത് സാൻ ഫാർമാ എന്ന സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ് വാങ്ങിയതിന് അന്നത്തെ ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാരിൽ നിന്നും നൽകുന്ന അനുമതികളിൽ ആവശ്യത്തിനുള്ള സാധന സാമഗ്രികൾ വാങ്ങി നൽകണമെന്ന് മാത്രമേ നിർദ്ദേശിക്കാറുള്ളൂ. സർക്കാരിന്റെ നിർദ്ദേശങ്ങൾ ഒരു കാരണവശാലും ഒരു വിതരണക്കാരനെ ആധാരമാക്കി നൽകിയിട്ടില്ല.<br><br>കോവിഡ്-19-ന്റെ ആദ്യ കാലങ്ങളിൽ കോവിഡ് സംരക്ഷണത്തിന് വേണ്ടിയുള്ള ഉപകരണങ്ങൾക്ക് ആവശ്യം വളരെ കൂടുതലും വിതരണക്കാർ വളരെ കുറവും ആയതിനാൽ വിതരണക്കാരൻ തീരുമാനിക്കുന്ന വിലയിൽ മാത്രമേ സാധനങ്ങൾ വാങ്ങാൻ മാർഗമുണ്ടായിരുന്നുള്ളൂ. 04.04.2020-ലെ സ.ഉ(സാധാ)നം.09/2020/SPD നമ്പർ ഉത്തരവ് പ്രകാരം സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവന്മാർ എന്നിവർക്ക് കോവിഡുമായി ബന്ധപ്പെട്ട അവശ്യ സാധനങ്ങൾ സംഭരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. |
| (സി) | സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമർപ്പിച്ച | (സി) | സർക്കാരിൽ നിന്നും നൽകുന്ന അനുമതികളിൽ ആവശ്യത്തിനുള്ള സാധന സാമഗ്രികൾ വാങ്ങി |

| | | | |
|---|---|---|---|
| | ഫയലിൽ പി.പി.ഇ. കിറ്റിന്റെ വിലയിൽ വലിയ അന്തരം ഉണ്ടായിരുന്നോ; എങ്കിൽ ആയത് ധനകാര്യ വകുപ്പ് പരിശോധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | | നൽകണമെന്ന് മാത്രമേ നിർദ്ദേശിക്കാറുള്ളൂ. സർക്കാരിന്റെ നിർദ്ദേശങ്ങൾ ഒരു കാരണവശാലും ഒരു വിതരണക്കാരനെ ആധാരമാക്കി നൽകിയിട്ടില്ല. കോവിഡ്-19-ന്റെ ആദ്യ കാലങ്ങളിൽ കോവിഡ് സംരക്ഷണത്തിന് വേണ്ടിയുള്ള ഉപകരണങ്ങൾക്ക് ആവശ്യം വളരെ കൂടുതലും വിതരണക്കാർ വളരെ കുറവും ആയതിനാൽ വിതരണക്കാരൻ തീരുമാനിക്കുന്ന വിലയിൽ മാത്രമേ സാധനങ്ങൾ വാങ്ങാൻ മാർഗമുണ്ടായിരുന്നുള്ളൂ. 04.04.2020-ലെ സ.ഉ(സാധാ)നം.09/2020/SPD നമ്പർ ഉത്തരവ് പ്രകാരം സ്റ്റോഴ്സ് പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവന്മാർ എന്നിവർക്ക് കോവിഡുമായി ബന്ധപ്പെട്ട അവശ്യ സാധനങ്ങൾ സംഭരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ